# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3074 — 28/01/14-ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ് :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോ വഴിയുള്ള നിത്യോപയോഗസാധനങ്ങളുടെ വിതരണം തകിടം മറിഞ്ഞത് വിലക്കയറ്റം രൂക്ഷമാക്കിയിട്ടുണ്ടോ ; | എ) സപ്ലൈകോ വഴിയുള്ള നിത്യോപയോഗസാധനങ്ങളുടെ വിതരണം തകിടം മറിഞ്ഞിട്ടില്ല. വിതരണം വളരെ കാര്യക്ഷമമായി നടന്നു വരുന്നുണ്ട്. തന്മൂലം വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിക്കുന്നു. |
| ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സബ്സിഡി നൽകിയ വകയിൽ സിവിൽ സപ്ലൈസ് വകുപ്പിന് എത്ര കോടി രൂപ സർക്കാർ സഹായം നൽകാനുണ്ട് ; എത്ര കോടി രൂപ നൽകി; വിശദാംശം നൽകുമോ ? | ബി) സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങൾക്കും എ.പി.എൽ വിഭാഗത്തിലുള്ള പാവപ്പെട്ടവർക്കും കിലോഗ്രാമിന് 1/- രൂപ, 2/- രൂപ നിരക്കിൽ അരി, ഗോതമ്പ് വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി നൽകി വരുന്നുണ്ട്. സബ്സിഡി ഇനത്തിൽ ചെലവഴിക്കുന്നതിനായി 2408-01-101-98-33 സബ്സിഡി (എൻ.പി) ശീർഷകത്തിൽ 2013-14 വർഷത്തേക്ക് അനുവദിച്ച 600 കോടി രൂപയിൽ 2014 ജനുവരി മാസം വരെ 580 കോടി രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചു.<br>2008-2009 സാമ്പത്തിക വർഷം മുതൽ 2013 നവംബർ മാസം വരെ സപ്ലൈകോ സബ്സിഡി ഇനത്തിൽ ചെലവാക്കിയ തുകയുടെയും സർക്കാർ നൽകിയ തുകയുടെയും വിവരം താഴെക്കൊടുക്കുന്നു. |

| ക്രമ നം. | സാമ്പത്തിക വർഷം | സബ്സിഡി ഇനത്തിൽ സപ്ലൈകോ ചിലവാക്കിയ തുക (കോടി രൂപയിൽ) | ബജറ്റ് വിഹിതം (കോടി രൂപയിൽ) | ഗവൺമെന്റിൽ നിന്നും നല്കിയ തുക (കോടി രൂപയിൽ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2008-09 | 136.22 | 40 | 105.00 |
| 2 | 2009-10 | 206.33 | 40 | 83.00 |
| 3 | 2010-11 | 118.81 | 52 | 76.31 |
| 4 | 2011-12 | 164.96 | 50 | 118.35 |
| 5 | 2012-13 | 288.55 | 50 | 135.00 |
| 6 | 2013-14 (നവംബർ) | 220.10 | 60 | 110.00 |
| | ആകെ | 1134.97 | 292 | 627.66 |

Beena

**സെക്ഷൻ ഓഫീസർ**